9	സ്വയംഭരണ സ്ഥാപനങ്ങൾ	--
	ആകെ	1191.01

(ബി) പ്രസ്തുത ഇനത്തിൽ നിലവിൽ ഉക 1633.49 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്.

(സി) ഒറ്റത്തവണ തീർപ്പാക്കൽ, അദാലത്ത്, റവന്യൂ റിക്കവറി നടപടികൾ, തവണ വ്യവസ്ഥകൾ എന്നീ നടപടികൾ സ്വീകരിച്ചിരിക്കുന്നു.

(ഡി&ഇ) ഭൂരിഭാഗം കടിശ്ശികയും ഇന്ത്യയിലെ വിവിധ കോടതികളുടെ (സുപ്രീം കോടതി, ഹൈക്കോടതി, ബൈഫർ BIFR) തീർപ്പിനു വിധേയമായി മാത്രമേ പിരിച്ചെടുക്കാൻ കഴിയൂ. റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാകുന്ന മുറയ്ക്ക് റിക്കവറി നേരിടുന്ന കടിശ്ശികയുള്ള സ്ഥാപനങ്ങൾ വഴുത്തിയ ഉക പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ ത്വരിത പ്പെടുത്താൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കെ. എസ്. ഇ. ബി. പോസ്റ്റുകളിലെ പരസ്യങ്ങൾ

11 (351) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. പോസ്റ്റുകളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും ഏജൻസിക്ക് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരിൽ നിന്ന് എത്ര ഉക വീതമാണ് സർക്കാരിന് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ക്ലീൻ കേരള ലിമിറ്റഡ് എന്ന കമ്പനിക്ക് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേരള ഇലക്ട്രിസിറ്റി ബോർഡ് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരുമാനമായിട്ടില്ല.

കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജ് കടിശ്ശികയിനത്തിൽ ലഭിക്കാനുള്ള ഉക

12 (352) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന്

LIBRARY ARCHIVES Kerala Legislative Assembly